"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - കിർത്താഡ്സിന്റെ തിരുവനന്തപുരത്തുള്ള ഫീൽഡ് സ്റ്റേഷൻ മേഖല ഓഫീസായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.25/2022/SCSTD തീയതി,തിരുവനന്തപുരം, 20-05-2022

---

പരാമർശം:- 1. സ.ഉ (കൈ )നം.73/2018/പജ.പവ.വിവ തിയതി :28/09/2018

2. കിർത്താഡ്സ് ഡയറക്ടറുടെ 26/02/2021 തീയതിയിലെ ബി.1303/20 നമ്പർ കത്ത്

**ഉത്തരവ്**

1979-ൽ കോഴിക്കോട് സ്ഥാപിതമായ കിർത്താഡ്സിന് ജില്ലാടിസ്ഥാനത്തിലോ മേഖലാടിസ്ഥാനത്തിലോ മറ്റൊരുവിധ ഓഫീസുകളും ഉണ്ടായിട്ടില്ല എന്നും വിവിധ സമുദായ സംഘടനകളും വകുപ്പും തിരുവനന്തപുരത്തു മേഖല ഓഫീസ് രൂപീകരിക്കുന്നതിനായി പല തവണ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തു അയ്യൻകാളി ഭവനിൽ ഫീൽഡ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുണ്ട് എന്നും 06.01.2020ന് വകുപ്പിന്റെ ക്യാമ്പസിൽ വെച്ച് ചേർന്ന ഗവേഷണ ഉപദേശക സമിതി (RAC) യോഗത്തിലും ഫീൽഡ് സ്റ്റേഷൻ മേഖലാതല ഓഫീസായി ഉയർത്തുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ടെന്നും തെക്കൻ ജില്ലകളിലെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷൻ മേഖലാതല ഓഫീസായി ഉയർത്തണമെന്നും കിർത്താഡ്സ് ഡയറക്ടർ പരാമർശം 2 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തിരുവനന്തപുരത്തു അയ്യൻകാളി ഭവനിൽ പ്രവർത്തിച്ചു വരുന്ന ഫീൽഡ് സ്റ്റേഷൻ മേഖല ഓഫീസായി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപോസലും ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയോ, വകുപ്പിൽ പുതിയ തസ്തിക രൂപീകരണമോ ഉണ്ടാകരുതെന്ന കർശന വ്യവസ്ഥയിൽ കിർത്താഡ്സ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷൻ മേഖല ഓഫീസായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രണബ്ജ്യോതി നാഥ് ഐ എ എസ്

സെക്രട്ടറി

1. ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട്

4584/19

5904/22

പകർപ്പ്
2. പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
3. പട്ടിക ജാതി വികസന വകുപ്പ്, തിരുവനന്തപുരം
4.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരളം, തിരുവനന്തപുരം
5. ഐ & പി.ആർ. (വെബ് ന്യൂ മീഡിയ) ഡി. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. പട്ടിക വർഗ്ഗ വികസന (ഡി) വകുപ്പ്
7. പട്ടിക വർഗ്ഗ വികസന (ജി) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash Kumar
V S
Date: 20-05-2022 14:51:46
സെക്ഷൻ ഓഫീസർ

1639
5904